1B5N23465

(Pages : 2)

Reg. No:......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA MalayalamDegree Examination, November 2023**

**BML5B07 – MalayalaVyakaranam**

(2019 Admission onwards)

Time: 2 ½ hours

Max. Marks: 80

## SECTION A

## രണ്ടോ മൂന്നോ വാക്യത്തിൽ കുറിപ്പ് തയ്യാറാക്കുക.

1. സംഹിത
2. താലവ്യാദേശം
3. ചുട്ടെഴുത്ത്
4. സമാനക്ഷരങ്ങൾ
5. വ്യഞ്ജനസന്ധി
6. സങ്കീർണവാക്യം
7. വിശിഷ്ടക്രിയ
8. ആഖ്യാതനാമം
9. മിശ്രവിഭക്തി
10. നിപാതം
11. നാമാംഗജം
12. ലീലാതിലകം
13. ചില്ലുകൾ
14. മേയനാമം
15. ഇടനില

**(15×2 = 30 Marks)**

**(പരമാവധി 25 മാർക്ക്)**

## SECTION B

## ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16. വാക്യത്തെ നിർവ്വചിച്ച് വിവിധ തരം വാക്യങ്ങളെക്കുറിച്ച് വിവരിക്കുക.
17. വിഭക്തി വിഭാഗങ്ങൾ ഉദാഹരണ സഹിതം വിശദീകരിക്കുക.
18. വ്യാകരണപഠനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.
19. ഭേദകവിഭാഗങ്ങളെ പരിചയപ്പെടുത്തുക.
20. പ്രകാരം എന്നാലെന്ത്? വിശദമാക്കുക.
21. ചിഹ്നം എന്തെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക.
22. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.
23.' വിനയച്ചങ്ങളഞ്ചത്രേ'- ഏതെല്ലാം? വിവരിച്ചുദാഹരിക്കുക.

**(8×5=40 മാർക്ക്**

**പരമാവധിമാർക്ക് -35)**

## SECTION C

## ഏതെങ്കിലും രണ്ട്ചോദ്യത്തേക്കുറിച്ച് രണ്ട്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കേരളപാണിനീയത്തിലെ ശബ്ദവിഭജനം വിശകലനം ചെയ്യുക.
25. മലയാള അക്ഷരമാലയെക്കുറിച്ചുള്ള ചർച്ചകൾ ക്രോഡീകരിക്കുക.
26. കേരളപാണിനീയത്തിന് മുമ്പുണ്ടായിരുന്ന പ്രധാന വ്യാകരണ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.
27. കേരളപാണിനീയത്തിലെ സന്ധിചർച്ച വിശകലനം ചെയ്യുക.

**(2×10 =20 marks).**

66

1B5N23466

(Pages : 1)

Reg. No:.......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2023**

**BML5B08 – Paschathya Sahithya Sidhanthangal**

(2019 Admission onwards)

Time: 2 ½ hours

Max. Marks: 80

**സെക്ഷൻ - എ**

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. പരമാവധി 25 മാർക്ക്.**

1. ട്രാജഡിയ്ക്ക് അരിസ്റ്റോട്ടിൽ നൽകുന്ന നിർവചനമെന്ത്?
2. ഇമാജിനേഷൻ എന്തെന്ന് വ്യക്തമാക്കുക.
3. അനുകരണം എന്ന പദത്തിന്റെ വിവക്ഷിതാർത്ഥം എന്ത്?
4. വ്യവഹാരങ്ങൾ ചിഹ്നങ്ങളാൽ നിർമ്മിതമാണെന്ന് അഭിപ്രായപ്പെട്ടതാര്?
5. അസ്തിത്വവാദം മുന്നോട്ടു വയ്ക്കുന്ന പ്രധാന ചിന്തകൾ ഏതെല്ലാം?
6. സൂചകം - സൂചിതം വിശദമാക്കുക.
7. റിയലിസം എന്നാൽ എന്ത്?
8. റിപ്പബ്ലിക്ക് - കുറിപ്പെഴുതുക.
9. കാൽപ്പനികത എന്തെന്ന് വ്യക്തമാക്കുക.
10. എക്സ്പ്രഷനിസത്തിന്റെ അടിസ്ഥാനതത്ത്വം എന്ത്?
11. 'മിസ്റ്റിസിസം' എന്ന പദത്തിന്റെ അർത്ഥമെന്ത്?
12. നവവിമർശനത്തെ ഒരു പ്രസ്ഥാനമാക്കി ഉയർത്തിക്കൊണ്ടുവന്നവർ ആരൊക്കെ?
13. ചിഹ്നശാസ്ത്രം എന്തെന്ന് വിശദമാക്കുക.
14. കോൾറിഡ്ജിന്റെ കാവ്യാദർശനത്തിൽ പ്രധാനപ്പെട്ടതെന്ത്?
15. ഘടനാവാദം എന്തെന്ന് വ്യക്തമാക്കുക.

**15×2 = 30 പരമാവധി 25 മാർക്ക്**

**സെക്ഷൻ - ബി**

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി 35 മാർക്ക്.**

16. അക്കാദമിയുടെ പ്രത്യേകതകൾ എന്തെല്ലാം?
17. ഉദാത്തതയുടെ ഉറവിടങ്ങളെക്കുറിച്ചുള്ള ലോംഗിനസിന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം?
18. ട്രാജഡിയുടെ ഘടകങ്ങൾ ഏതെല്ലാം? വിശദമാക്കുക.
19. സർ റിയലിസം നിർവ്വചിച്ച് ഉദാഹരിക്കുക.
20. ദറീദ എഴുത്തിനു പ്രാധാന്യം നൽകാൻ കാരണമെന്ത്?
21. ലിറിക്കൽ ബാലഡിന്റെ അവതാരികയ്ക്ക് കാവ്യവിമർശനത്തിലുള്ള പ്രസക്തി എന്ത്?
22. മിസ്റ്റിസിസം എന്തെന്ന് വിശദമാക്കുക.
23. അപനിർമ്മാണം സാഹിത്യവിമർശനത്തിൽ ചെലുത്തിയ സ്വാധീനം വിശദീകരിക്കുക.

**8×5 = 40 പരമാവധി 35 മാർക്ക്**

**സെക്ഷൻ - സി**

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും സാഹിത്യദർശനങ്ങൾ വിശദമാക്കുക.
25. ടോൾസ്റ്റോയിയുടെ കാവ്യചിന്തയുടെ സവിശേഷതകൾ എന്തെല്ലാം? വിശദമാക്കുക.
26. ഉത്തരാധുനിക വിമർശനസിദ്ധാന്തങ്ങളെക്കുറിച്ചു വിവരിക്കുക.
27. പാശ്ചാത്യസാഹിത്യചിന്തയിൽ കോൾറിഡ്ജിനുള്ള സ്ഥാനം എന്ത്? വിശദമാക്കുക.

**2×10 = 20 മാർക്ക്**

1B5N23467

(Pages : 2)

Reg. No:.......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2023**

**BML5B09 – Malayala Sahithya Vimarshanam**

(2019 Admission onwards)

Time: 2 ½ hours

Max. Marks: 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. മലയാള സാഹിത്യ വിമർശനത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര് ?
2. മലയാള സാഹിത്യത്തിലെ 'ചായക്കോപ്പയിലെ കൊടുങ്കാറ്റ് ' എന്ന് ദ്വിതീയാക്ഷര പ്രാസത്തെ നിരീക്ഷിച്ച വിമർശകൻ ?
3. ഗതാനുഗതികത്വത്തെക്കാൾ നവാനവോല്ലേഖ കൽപ്പനയിലാണ് കവികൾ അധികം ദൃഷ്ടിവെക്കേണ്ടത് എന്ന് അഭിപ്രായപ്പെട്ടതാര് ?
4. ഏത് നോവലിനെ മാതൃകയാക്കിയാണ് സി.വി. 'മാർത്താണ്ഡവർമ്മ' നോവൽ രചിച്ചത് ?
5. 'പോഷക വിമർശകൻ' എന്നറിയപ്പെടുന്ന നിരൂപകൻ ആര് ?
6. മലയാളത്തിലെ ആദ്യത്തെ താരതമ്യ വിമർശകൻ ആര് ?
7. 'നാടകാന്തം കവിത്വം' എന്ന കൃതി രചിച്ചത് ആര് ?
8. 'ദളിതൻ' എന്ന ആത്മകഥ രചിച്ചത് ആര് ?
9. പാപിയുടെ കഷായം എന്ന ലേഖനം എഴുതിയത് ആര്?
10. ഖണ്ഡന വിമർശനം എന്നാൽ എന്ത് ?
11. ഹരിത നിരൂപണം മലയാളത്തിൽ ആരുടെ കൃതിയാണ് ?
12. 'ഒരു സ്നേഹം' എന്ന് കൂടി പേരുള്ള ആശാന്റെ കാവ്യം ഏത് ?
13. മലയാള നാടക വിമർശനങ്ങളുടെ അഗ്രഗാമിയായി വിശേഷിപ്പിക്കുന്നത് ആരെയാണ്?
14. കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം രചിച്ചതാര് ?
15. അനുപ്രാസം എന്നാൽ എന്ത് ?

[2 x 15 = 30 പരമാവധി മാർക്ക് 25]

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

16. വ്യത്യസ്ത വിമർശന രീതികളെക്കുറിച്ച് വിവരിക്കുക ?
17. പ്രാസവാദത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക ?

18. കലയിലെ അനുഭൂതികൾ ചരിത്രപരമായി വികസിക്കുന്ന ഒന്നാണ് എന്ന ബി. രാജീവിന്റെ അഭിപ്രായം വിലയിരുത്തുക ?

19. 'മാർത്താണ്ഡവർമ്മ' നോവലിനെക്കുറിച്ചുള്ള സി.പി. അച്ച്യുതമേനോന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക ?

20. സാഹിത്യ വിമർശനത്തിൽ 'നിഷ്പക്ഷത' എന്നൊരു പക്ഷമില്ലെന്ന് മാരാർ സമർത്ഥിക്കുന്നത് എങ്ങനെ ?

21. കഥകളിലെ പാരിസ്ഥിതികാവബോധത്തെക്കുറിച്ചുള്ള ജി.മധുസൂദനന്റെ നിരീക്ഷണങ്ങൾ വിലയിരുത്തുക ?

22. 'പുരോഗതിയുടെ സന്ദേശമാണ് ജീവൽ സാഹിത്യത്തിന്റെ ജീവൻ'- ഇ.എം.എസ്സിന്റെ ഈ അഭിപ്രായത്തെ ലേഖനത്തെ മുൻ നിർത്തി വിശദമാക്കുക ? :

23. 'ചിന്താവിഷ്ടയായ സീത'ക്കെതിരെ ഉയർന്നുവന്ന വിമർശനങ്ങളെ അഴീക്കോട് നിരീക്ഷിക്കുന്നത് എങ്ങനെ ??

[5 x 8 = 40 പരമാവധി മാർക്ക് 35]

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക**

24. 'ജീവിതത്തിൽ നിന്നും വലിച്ച് ചീന്തിയ ഒരേടാണ് ബാല്യകാല സഖി, അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു'- എം.പി. പോളിന്റെ അവതാരികയെ മുൻ നിർത്തി വിശദമാക്കുക.

25. 'ഒരു പുതിയ സൃഷ്ടി എന്ന് പറഞ്ഞാൽ ഒരു പുതിയ ഭാഷയുടെ സൃഷ്ടിയാണ്'- കെ.പി. അപ്പന്റെ തിരസ്ക്കാരം എന്ന ലേഖനത്തെ മുൻനിർത്തി വിശദമാക്കുക ?

26. 'മാമ്പഴം 'എന്ന കവിത വായനക്കാരുടെ ഹൃദയവുമായി സംവദിക്കുന്നത് എങ്ങനെയാണെന്നാണ് എം.എൻ. വിജയൻ നിരീക്ഷിക്കുന്നത് ?

27. സാറാ ജോസഫിന്റെ കഥകളിൽ നിന്നും സ്ത്രീ സ്വത്വത്തിന്റെ പുതിയ മാനങ്ങൾ അന്വേഷിക്കുകയാണ് പി.ഗീത.' കണ്ണാടികൾ ഉടക്കുന്നതെന്തിന്' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശദമാക്കുക ?

[2 x 10 = 20]

68

1B5N23468

(Pages : 2)

Reg. No:......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2023**

**BML5B10 – Nadodi Vinjaneeyam**

(2019 Admission onwards)

Time: 2 ½ hours

Max. Marks: 80

## Section A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ഫോക്സ്ലോറിന് ഏതെങ്കിലുമൊരു നിർവചനം നൽകുക ?
2. കേരള ഫോക്‌ലോർ എന്ന ഗ്രന്ഥം രചിച്ചതാര്?
3. കേരളത്തിന്റെ ഏതു പ്രദേശത്താണ് പടയണി അനുഷ്ഠിച്ചു വരുന്നത്?
4. വടക്കൻ പാട്ടുകളിലൂടെ പ്രശസ്തമായ രണ്ടു തറവാടുകൾ?
5. കടങ്കഥ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
6. പുരാവൃത്തം, ഐതിഹ്യം എന്നിവ വ്യത്യാസപ്പെടുന്നതെങ്ങനെ?
7. മാപ്പിളപ്പാട്ടിലെ ഇശൽ എന്നാൽ എന്ത്?
8. ഏതു പദത്തിന്റെ തത്ഭവമാണ് തെയ്യം?
9. തെക്കൻപാട്ടിൽ ഉൾപ്പെടുന്ന ഏതെങ്കിലും രണ്ടു പാട്ടുകളുടെ പേരെഴുതുക?
10. ഫോക്‌ലോർ എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?
11. റാത്തീബ് എന്നാൽ എന്താണ്?
12. മാർഗംകളിയിലെ മാർഗം എന്നതുകൊണ്ട് ഉദ്ദേശ്യമാക്കുന്നതെന്ത്?
13. വട്ടപ്പാട്ട് ഏതവസരത്തിലാണ് അവതരിപ്പിക്കുന്നത്?
14. കഥാഗാനങ്ങളുടെ പ്രധാന പ്രത്യേകതയെന്ത്?
15. തൊഴിലുമായി ബന്ധപ്പെടുന്ന പാട്ടുകൾ അറിയപ്പെടുന്നത് ഏതു പേരിൽ?

**(15 X 2=30)** (പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

16. സംസ്കാരത്തിന്റെ സാധൂകരണമാണ് ഫോക്‌ലോറെന്നു പറയാനുള്ള കാരണമെന്ത്?

17. ഫോക്‌ലോറും നവവംശശാസ്ത്രവുമായി ബന്ധപ്പെടുന്നതെങ്ങനെ?

18. വടക്കൻ പാട്ടുകളുടെ സവിശേഷതകൾ എന്തെല്ലാം?

19. മാപ്പിളപ്പാട്ടുകളെ നാടൻ പാട്ടിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നു വിമർശനാത്മകമായി വിലയിരുത്തുക?

20. ജനജീവിതവുമായി ഏറ്റവും അടുത്തു നിൽക്കുന്ന കലയാണ് തെയ്യമെന്നു പറയാനുള്ള കാരണമെന്ത്?

21. പാചകവിദ്യയെ നാടോടിവിജ്ഞാനീയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിസ്ഥാനമെന്ത്?

22. പടയണി - കുറിപ്പ് തയ്യാറാക്കുക

23. ജാതി, മതം എന്നീ സാമൂഹ്യചരങ്ങൾ ഫോക്‌ലോറിനെ സ്വാധീനിക്കുന്നുണ്ടോ?

**(8 X 5=40)** (പരമാവധി മാർക്ക് 35)

## Section C

**III** രണ്ടു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

24. ഫോക്‌ലോറിന്റെ സാമൂഹ്യധർമ്മം വിവരിക്കുക?

25. നാടൻ പാട്ടുകളുടെ പൊതുസവിശേഷതകൾ ചുരുക്കി അവതരിപ്പിക്കുക?

26. അനുഷ്ഠാന നാടകമെന്ന നിലയിൽ മുടിയേറ്റ് പരിചയപ്പെടുത്തുക?

27. കേരളീയ ഉത്സവാഘോഷങ്ങൾ ജനസംസ്കാരപഠനത്തിൽ പ്രധാനമാകുന്നതെങ്ങനെ?

69

1B5N23469

(Pages : 2)

Reg. No:.......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2023**

**(Open Course)**

**BML5D02 – Sahithyavum Sargathmagha Rachanayum**

(2019 Admission onwards)

Time: 2 hours

Max. Marks: 60

**PART A**

*Answer All Questions*

1 നീ എന്നെ കബളിപ്പിച്ചുവെന്ന് കരുതേണ്ടാ കുട്ടീ ' സന്ദർഭം ഏത് ?

2. ഷെർളി, സീത എന്ന പേര് സ്വീകരിക്കാൻ ഇടയായ കാരണം എന്ത് ?

3. ' പൂവൻപഴം ' എന്ന കഥ എഴുതാനുള്ള കാരണമായി ബഷീർ പറയുന്നതെന്ത്?

4. ഡ്രാമ കാണാൻ അമ്മ വരേണ്ടെന്ന് മകൻ പറയാൻ കാരണമെന്ത് ?

5. ബുദ്ദു തന്റെ അച്ഛനെ കണ്ടുപിടിക്കും എന്ന് വിമലയോട് പറയുന്നതിന്റെ രഹസ്യമെന്ത് ?

6. തെറ്റ് തിരുത്തുക.
നന്നായി സ്വയം പഠിച്ചതുകൊണ്ട് ഒരു വിദ്യാർത്ഥിക്ക് മികച്ച വിജയം നേടാനായി.

7. ആദിവാസി ജീവിത സമ്പ്രദായങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏത് മേഖലയിലാണ് നടക്കുന്നത് ?

8. ലോകം അവസാനിക്കുകയാണെന്ന് ജോത്സ്യൻ പറഞ്ഞപ്പോൾ ചിത്തരഞ്ജൻ മിശ്ര എന്താണ് ചെയ്തത് ?

9. രാജീന്ദർ പാണ്ഡെ ജനലരികിലേക്ക് കാഴ്ച കാണാൻ വിളിച്ചപ്പോൾ കിഷോർലാൽ വരാതിരുന്നത് എന്തുകൊണ്ട് ?

10. സന്തറാവൂരിൽ രവീന്ദ്രന്റെ ആതിഥേയർ ആരായിരുന്നു ?

11. എന്താണ് മിത്തോണുകൾ ?

12. ' പാപികൊണ്ട ' മലനിരകളിൽ കഴിയുന്നവർക്ക് ' കൊണ്ട റെഡ്ഡികൾ ' എന്ന പേര് വരാൻ കാരണമെന്ത് ?

**(12 x 2 = 24 Maximum Ceiling 20 Marks)**

## PART B

*Answer All Questions*

13. എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ്കോഴി തന്റെ കുഞ്ഞുങ്ങളോട് പറയുന്നത് ?
14. ' ടച്ച് സ്ക്രീൻ ' എന്ന കവിതയുടെ ആശയം ചുരുക്കി എഴുതുക ?
15. നിങ്ങളുടെ പ്രദേശത്ത് സ്ഥിരമായി ആളുകൾ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നു. ഇത് തടയാനായി പഞ്ചായത്ത് പ്രസിഡണ്ടിന് നൽകാനുള്ള നിവേദനം തയ്യാറാക്കുക ?
16. ' ചിത്തരോഗാശുപത്രിയിലെ ദിനങ്ങൾ ' എന്ന കവിതയ്ക്ക് ആസ്വാദനം എഴുതുക ?
17. മതം മാറ്റത്തിന്റെ പ്രശ്നങ്ങളെ 'ദൈവവിളി ' എന്ന കഥ എങ്ങനെയെല്ലാമാണ് ആവിഷ്കരിക്കുന്നത് ?
18. പരാവർത്തനം ചെയ്യുക.

    " ഇക്കാണും ലോകങ്ങളീശ്വരന്റെ<br>
    മക്കളൊണെല്ലാമൊരു ജാതി<br>
    നീക്കി നിർത്തുമൊ സമസൃഷ്ടിയെ ? ദൈവം<br>
    നോക്കിയിരിപ്പല്ലേ ? യോഗപ്പെണ്ണേ -തീണ്ടൽ<br>
    ധിക്കാരമല്ലയോ ജ്ഞാനപ്പെണ്ണേ "

19 സ്ത്രീ ജീവിതത്തിന്റെ ദൈന്യതകളെ ആവിഷ്കരിക്കുന്ന കഥയാണ് കോലാട് ' വിശദീകരിക്കുക ?

**(7 x 5 = 35, Maximum Ceiling 30 Marks)**

## PART C

**Answer Any One Questions**

20. " പ്രതീക്ഷകളിൽ ജീവിക്കുന്ന മനുഷ്യരുടെ ലോകമാണ് മഞ്ഞ് എന്ന നോവൽ " -വിശദീകരിക്കുക ?
21. സുഗതകുമാരി പറയുന്ന കാവ്യാനുഭവങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുക?

**(1x10 = 10 Marks)**